## ഇന്ത്യ UN ആഗോള ശേഷി വികസന സംരംഭത്തിന് കീഴിലുള്ള പദ്ധതികളുടെ സമാരംഭം

ആഗസ്ത് 02, 2025

"ഇന്ത്യ UN ആഗോള ശേഷി വികസന സംരംഭ"ത്തിന് കീഴിൽ നാല് പദ്ധതികളുടെ ആദ്യഘട്ടം 2025 ഓഗസ്റ്റ് 01-ന് വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി (വെസ്റ്റ്) ശ്രീ. തൻമയ ലാൽ ഉദ്ഘാടനം ചെയ്തു.  ഈ പദ്ധതികൾ ആരംഭിക്കുന്ന രാജ്യങ്ങളിലെ ദൗത്യ മേധാവികളായ UN റെസിഡന്റ്കോർഡിനേറ്റർ ശ്രീ. ഷോംബി ഷാർപ്പ്, ഇന്ത്യയിലെ വിവിധ UN ഏജൻസികളുടെ മേധാവികൾ, MEA-യിലെ സീനിയർ ഉദ്യോഗസ്ഥർ എന്നിവർ ഉദ്ഘാടന വേളയിൽ പങ്കെടുത്തു.

2. 2023 സെപ്തംബറിൽ ഐക്യരാഷ്ട്ര പൊതുസഭയുടെ 78-ാമത് സെഷന്റെ ഭാഗമായി ബഹുമാനപ്പെട്ട വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറിന്റെ സാന്നിധ്യത്തിൽ ഈ സംരംഭം പ്രഖ്യാപിച്ചു, ഇതേത്തുടർന്ന് വിദേശകാര്യ മന്ത്രാലയവും ഇന്ത്യയിലെ UN കൺട്രി ടീമും SDG ലക്ഷ്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി സൗത്ത്-സൗത്ത് സഹകരണം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ തിരിച്ചറിയുന്നതിനും അവ നടപ്പിലാക്കുന്നതിനും സംയുക്തമായി പ്രവർത്തിച്ചു.

3. ഗ്ലോബൽ സൗത്തിന്റെ ശേഷി വികസന ശ്രമങ്ങളിൽ മുൻനിരയിലുള്ള രാജ്യമാണ് ഇന്ത്യ.  ITEC (ഇന്ത്യൻ ടെക്നിക്കൽ & ഇക്കണോമിക് കോ-ഓപ്പറേഷൻ) പ്രധാന പ്രോഗ്രാമാണ്, ഇതിന് കീഴിൽ 400-ലധികം പ്രത്യേക കോഴ്സുകളിലായി 12000-ലധികം പരിശീലന സ്ലോട്ടുകൾ 160 രാജ്യങ്ങൾക്കായി എല്ലാ വർഷവും നൽകുന്നു, തുടക്കം മുതൽ ഇതുവരെ 225000-ത്തിലധികം പരിശീലന സ്ലോട്ടുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

4. ഇന്ത്യ UN ഗ്ലോബൽ സൗത്ത് ശേഷി വികസനം എന്നത് സാങ്കേതിക, സാമ്പത്തിക മേഖലകളിൽ ഇന്ത്യയ്ക്കുള്ള ശേഷി വികസന വൈദഗ്ധ്യത്തിന്റെ സ്വാഭാവിക വിപുലീകരണമാണ്, UN ഏജൻസികളെ ഉൾപ്പെടുത്തി, അതത് രാജ്യങ്ങളിൽ ഡിമാൻഡ് അടിസ്ഥാനമാക്കി പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നതിനായി പ്രത്യേക പരിശീലനത്തിലൂടെ അവരുടെ മാനവ വിഭവ ശേഷിയെ

പിന്തുണച്ചുകൊണ്ട് SDG കൈവരിക്കുന്നതിന് ഇതിലൂടെ ലക്ഷ്യമിടുന്നു. SDG ലക്ഷ്യമിട്ടുള്ള പദ്ധതിയും മറ്റ് വശങ്ങളും തിരിച്ചറിയുന്നതിൽ UN ഏജൻസി ആതിഥേയ രാജ്യത്തെ സർക്കാരിനെ സഹായിക്കും, അതേസമയം ഇന്ത്യാ ഗവൺമെന്റിന്റെ സഹായത്തോടെ ITEC പ്രോഗ്രാമിലൂടെ പരിശീലന സെഷനുകൾ അവർക്കായി സംഘടിപ്പിക്കും.

5. ആദ്യഘട്ടത്തിൽ, നാല് പദ്ധതികൾ നടപ്പിലാക്കുന്നതിനായി തിരിച്ചറിഞ്ഞിട്ടുണ്ട്, അതിൽ (a) ലോക ഭക്ഷ്യ പദ്ധതിയുടെ പിന്തുണയോടെ നേപ്പാളിലെ നെല്ല് പോഷകസമൃദ്ധമാക്കലും വിതരണ ശൃംഖല മാനേജ്മെന്റും; (b) UNDP-യുടെ സഹായത്തോടെ സാംബിയയ്ക്കും ലാവോ PDR-നും ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ്ഫോം (c) UN പോപ്പുലേഷൻ ഫണ്ടിന്റെ പിന്തുണയോടെ ബെലീസ്, ബാർബഡോസ്, സെന്റ് കിറ്റ്സ് & നേവീസ്, സുരിനാം, ട്രിനിഡാഡ് & ടൊബാഗോ എന്നിവിടങ്ങളിൽ സെൻസസ് തയ്യാറെടുപ്പ്; (d) യുനെസ്കോയുടെ പിന്തുണയോടെ ദക്ഷിണ സുഡാനിലെ തൊഴിൽ പരിശീലന പരിപാടി എന്നിവ ഉൾപ്പെടുന്നു. ഈ പ്രോജക്ടുകൾക്ക്, ITEC പരിശീലന സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ട്, സെപ്റ്റംബർ 2025 മുതൽ കോഴ്സുകൾ നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ന്യൂഡൽഹി

ആഗസ്ത് 01, 2025